## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

15.12.2015 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3063

## കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br><br>ശ്രീ.സാജു പോൾ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| --- | --- |
| എ) കയർ ഉൽപ്പാദനമേഖലയിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; | എ) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനും കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി - **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** - നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വില വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്റ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടു ണ്ട്. അർഹമായ എല്ലാ |

| | |
|---|---|
| | സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012, 2012-2013, 2013-2014, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/-, 15,84,250/- രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു.<br><br>കയർപിരി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012 ൽ 1,27,50,175/- രൂപയും, 2012-2013 ൽ 2,07,59,149/- രൂപയും, 2013-2014 ൽ 11,20,75,971/- രൂപയും, 2014-2015 ൽ 10,44,66,655/- രൂപയും അനുവദിച്ചു. നടപ്പുവർഷം ഈയിനത്തിൽ സംഘങ്ങൾക്ക് 3,83,85,775/- രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും നൽകുകയും 61,37,463/- രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർപിരി, കയറുല്പന്ന മേഖലകളിലെ കുറഞ്ഞ കൂലി യഥാക്രമം 300/- രൂപയായും 500/- രൂപയായും വർദ്ധിപ്പിച്ചു.<br><br>കയർ സംഭരണത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5.00 കോടി രൂപ വീതം അനുവദിച്ചു. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-2013 വർഷം 18,39,60,000/- രൂപയും, 2013-2014 വർഷം 4,62,37,000/- രൂപയും 2014-15 വർഷം 8,98,13,000/- രൂപയും, 2015-16 ൽ 8,00,00,000/- രൂപയും അനുവദിച്ചു. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു. |
| ബി) സംസ്ഥാനത്ത് ആകെ എത്ര കയർ തൊഴിലാളികൾ ഉ ണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | ബി) സഹകരണ മേഖലയിൽ, ഏകദേശം 90,000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നു ണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലകളിൽ പണിയെടുക്കുന്നു ണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |

| | |
|---|---|
| സി) സംസ്ഥാനത്ത് ആകെ എത്ര കയർ സംഘങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് പറയാമോ; | സി) സംസ്ഥാനത്ത് ആകെ 1,013 കയർ സംഘങ്ങൾ ഉണ്ട്. സംസ്ഥാനത്ത് കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് ജില്ലാ അടിസ്ഥാനത്തിൽ അല്ല. സംസ്ഥാനത്തെ 10 കയർ പ്രോജക്ട് ഓഫീസുകളുടെ കീഴിലാണ് പ്രസ്തുത 1013 സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. 10 പ്രോജ്ക്ട് ഓഫീസുകളും അവയ്ക്കു കീഴിലുള്ള സംഘങ്ങളുടെ എണ്ണവും (ബ്രായ്ക്കറ്റിൽ) ഇവയാണ് - 1. ചിറയിൻകീഴ് (89), 2. കൊല്ലം (157), 3. കായംകുളം (136), 4. ആലപ്പുഴ (240) 5. വൈക്കം (60), 6. നോർത്ത് പറവൂർ (52), 7. തൃശൂർ (35), 8. പൊന്നാനി (64) 9. കോഴിക്കോട് (103), 10.കണ്ണൂർ (77). |
| **ഡി) കയർ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും തൊഴിലാളികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;** | ഡി) കയർപിരി മേഖലയിൽ 300/- രൂപയും, കയറുല്പന്ന മേഖലയിൽ 360/- രൂപയും മിനിമം കൂലിയായി നിശ്ചയിച്ചിട്ടു ണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ കയർ തൊഴിലാളികൾക്ക് ചുവടെ പറയുന്ന ആവശ്യങ്ങൾക്ക് ധനസഹായങ്ങൾ നൽകി വരുന്നു.<br>1) വിദ്യാഭ്യാസം 2) വിവാഹം 3)പ്രസവധനസഹായം 4) സ്ഥിരാസ്വാധീനം 5) താത്ക്കാലികാസ്വാധീനം 6) ചികിത്സാ ധനസഹായം<br>7) അപകട മരണം 8) ശവസംസ്ക്കാരം<br>9) പെൻഷൻ 10) കുടുംബ പെൻഷൻ |
| ഇ) കയർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നു ണ്ടോ എങ്കിൽ എത്ര; ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) കയർ തൊഴിലാളികൾക്ക് പ്രതിമാസം 600/- രൂപാ നിരക്കിൽ പെൻഷൻ അനുവദിച്ചുവരുന്നു. പെൻഷൻ തുക വർദ്ധിപ്പി ക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ